File No.: GE-DA2/31/2023-G.EDN

"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ്-ശ്രീ ഗോപിനാഥൻ കെ. പി., പ്രധാനാധ്യാപകൻ, ജി എം എൽ പി സ്കൂൾ, ആലത്തൂർ-അച്ചടക്ക നടപടി-പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.4247/2024/GEDN തീയതി,തിരുവനന്തപുരം, 06-07-2024

---

പരാമർശം:-
1. ശ്രീ ഗോപിനാഥൻ കെ. പി.-യ്ക്ക് നല്കിയ 16.09.2022 ലെ യു2/68/2022 നം കുറ്റപത്രവും കുറ്റാരോപണ പത്രികയും
2. ശ്രീ ഗോപിനാഥൻ കെ. പി.-യ്ക്ക് നല്കിയ 09.01.2024 ലെ ഡിഎ2/31/2023 നം കാരണം കാണിക്കൽ നോട്ടീസ്
3. ശ്രീ ഗോപിനാഥൻ കെ. പി. സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത മറുപടി

**ഉത്തരവ്**

കൊലപാതക കേസിൽ പ്രതിയെന്ന് സംശയിക്കുന്ന പാലക്കാട് ജില്ലയിലെ ആലത്തൂർ ജി എം എൽ പി സ്കൂളിലെ എൽ പി എസ് ടി ശ്രീ. യു. ബാവ 17/11/2021 മുതൽ അനധികൃതമായി സ്കൂളിൽ ഹാജരായിരുന്നില്ല. എന്നാൽ ടി വിവരം സ്കൂൾ പ്രധാനാധ്യാപകനായ ശ്രീ ഗോപിനാഥൻ കെ. പി. മേലധികാരികളെ അറിയിക്കുന്നത് 29/01/2022 ൽ മാത്രമാണ്. തുടർന്ന് സർക്കാർ തലത്തിൽ 1960-ലെ കെ.സി.എസ് (സി.സി&എ) ചട്ടം 16 പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (1) പ്രകാരം ടിയാന് കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നല്കിയിരുന്നു.

2. ശ്രീ ഗോപിനാഥൻ കെ. പി. 02/11/2022 ൽ ടി കുറ്റപത്രം കൈപ്പറ്റിയിരുന്നുവെങ്കിലും ആയതിനു ടിയാൻ മറുപടി നൽകിയിരുന്നില്ല. ആയതിനാൽ ടിയാന് ഈ വിഷയത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന അനുമാനത്തിൽ ടിയാനെതിരെ ആരംഭിച്ച അച്ചടക്കനടപടി തുടരാനും 1960-ലെ കെ.സി.എസ് (സി.സി&എ) ചട്ടം 11 (1)(iii) പ്രകാരം ടിയാന്റെ മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത ഫലപ്രാബല്യമില്ലാതെ

തടഞ്ഞുവെയ്ക്കാൻ താത്ക്കാലിക തീരുമാനമെടുത്തു പരാമർശം (2) പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് ടിയാൻ പരാമർശം (3) പ്രകാരം മറുപടി നൽകുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും 1960-ലെ കെ.സി.എസ് & സി.സി.എ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ(ഡിഎ) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി 23/04/2024 ന് ശ്രീ ഗോപിനാഥൻ കെ. പി.. -യെ നേരിൽ കേൾക്കുകയുമുണ്ടായി. ഹിയറിംഗ് വേളയിൽ ഉന്നയിച്ച വാദഗതികൾ ചുവടെ ചേർക്കുന്നു.

4. <u>ശ്രീ ഗോപിനാഥൻ കെ. പി.</u>

i) ആലത്തൂർ GMLP സ്കൂളിലെ LPST ശ്രീ. ബാവ യു. 2021 നവംബർ 17 മുതൽ തന്റെ വിദ്യാലയത്തിൽ ഹാജരായിരുന്നില്ല. 17/11/2021 ന് രാവിലെ GMLP സ്കൂൾ വിദ്യാർത്ഥിയായിരുന്ന ടിയാന്റെ മകളുടെ മകനെ കൊണ്ടു വിടാൻ വന്ന ബാവ മാസ്റ്ററുടെ മകൻ ശ്രീ. ഇബ്രാഹിം, അച്ഛൻ കുറച്ചു ദിവസം കമ്മ്യൂട്ടഡ് ലീവിലായിരിക്കുമെന്ന് അറിയിച്ചു. സേവന പുസ്തകം പരിശോധിച്ചപ്പോൾ ക്രഡിറ്റിൽ ആവശ്യത്തിന് അവധിയുണ്ടെന്ന് ബോധ്യപ്പെട്ടു. അദ്ദേഹം ഉടൻ വന്ന് അപേക്ഷ തരുമെന്ന് കരുതി. 31/03/2022-നായിരുന്നു ശ്രീ. ബാവ സർവ്വീസിൽ നിന്നു വിരമിക്കേണ്ടത്.

ii) എന്നാൽ ശ്രീ. ബാവ യു, 15/11/2021-ന് പാലക്കാട് നടന്ന സഞ്ജിത്ത് എന്ന വ്യക്തിയുടെ കൊലപാതകക്കേസിന്റെ ഗൂഢാലോചനയിൽ പങ്കെടുത്തിരുന്നു എന്ന് 27/01/2022ന് വൈകുന്നേരം സ്പെഷൽ ബ്രാഞ്ച് സി.ഐ. സ്കൂളിലെത്തി അറിയിക്കുകയും അദ്ദേഹത്തിന്റെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. വിദ്യാഭ്യാസവകുപ്പിലെ മേലധികാരികളെ അറിയിക്കണമെന്ന നിർദ്ദേശപ്രകാരം 29/01/2022 ന് താൻ ശ്രീ. യു. ബാവ 17/11/2021 മുതൽ ഹാജരായിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തു.

iii) ശ്രീ. യു. ബാവ, കൊലപാതകക്കേസിൽ പ്രതിയാണെന്നറിയിച്ചു കൊണ്ടുള്ള FIR റിപ്പോർട്ട് തനിക്ക് ലഭിക്കുന്നത് 18/02/2022ന് ആണ്. പ്രതിയാണെന്ന് അറിഞ്ഞുകൊണ്ട് മന:പൂർവ്വം വൈകി റിപ്പോർട്ട് ചെയ്തതല്ല. തന്റെ പ്രവൃത്തികൊണ്ട് വകുപ്പിന് സാമ്പത്തിക നഷ്ടമോ അവമതിപ്പോ ഉണ്ടായിട്ടില്ല. 31/03/2022ന് വിരമിക്കേണ്ട ശ്രീ. യു. ബാവയെ 17/11/2021 മുതൽ മുൻകാല പ്രാബല്യത്തോടെ 30/03/2022ന് സസ്പെന്റ് ചെയ്തിരുന്നു. 2021 നവംബർ മുതൽ ടിയാന് ആനുകൂല്യങ്ങളൊന്നും അനുവദിച്ചിട്ടില്ല.

iv) 04/03/2022ന് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഹിയറിങ്ങിൽ, ശ്രീ. ബാവയുടെ

സേവനപുസ്തകം, ഹാജർ പുസ്തകം ഇവ പരിശോധിച്ചിരുന്നു.

v) തന്റെ ശമ്പളം മാത്രമാണ് കുടുംബത്തിന്റെ ഏക വരുമാനം. ഭവന വായ്പയ്ക്കും മറ്റു ചെലവുകൾക്കും വരുമാനം മതിയാകാതെ വരുന്ന സാഹചര്യത്തിൽ, തന്റെ വാർഷിക ഇൻക്രിമെന്റുകൾ തടയുന്ന ഉത്തരവ് പിൻവലിച്ച് വകുപ്പുതല നടപടികളിൽ നിന്ന് ഒഴിവാക്കുകയൊ ഇളവ് നൽകുകയോ ചെയ്യണമെന്ന് സവിനയം അപേക്ഷിക്കുന്നു.

vi) 2023 ഒക്ടോബർ മാസം അനുവദിച്ച പ്രൈമറി ഹെഡ്മാസ്റ്റർ ശമ്പള സ്കെയിൽ തനിക്ക് ഇനിയും അനുവദിച്ചിട്ടില്ല എന്ന് കൂടി അറിയിക്കുന്നു.

5. **പൊതു വിദ്യാഭ്യാസ ഡയറക്ടർ**

05/11/2021 ന രാവിലെ 8:45 മണിക്ക് പാലക്കാട് ജില്ലയിലെ മമ്പറം പുതുഗ്രാമം എന്ന സ്ഥലത്ത് വെച്ച് നടന്ന ശ്രീ.സഞ്ചിത്ത് എന്ന RSS പ്രവർത്തകന്റെ കൊലപാതകത്തിൽ പാലക്കാട് ടൗൺ സൗത്ത് പോലിസ് സ്റ്റേഷനിൽ Cr1989/2021 u/s 143,144,147,148,341,302,120(B),201,202,109,118r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിരുന്നു. ഈ കേസിൽ ആലത്തൂർ ജി എം എൽ പി എസ് ലെ എൽപി.എസ്.ടി യും പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യ എന്ന സംഘടനയുടെ പുതുനഗരം ഡിവിഷണൽ സെക്രട്ടറിയും ആയിരുന്ന ശ്രീ.ബാവ യു. എന്ന അദ്ധ്യാപകനേയും പ്രതി ചേർത്ത് ബഹു. പാലക്കാട് JFMC III മുൻപാകെ 24/01/2022 ന് പോലീസ് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കേസിൽ പ്രതി ചേർക്കപ്പെട്ട അധ്യാപകൻ ശ്രീ. ബാവ യു. 2021 നവംബർ 17 മുതൽ സ്കൂളിൽ ഹാജരായിരുന്നില്ല. പിന്നിട് 2 മാസത്തിൽ കൂടുതൽ പിന്നിട്ട് 29/01/2022 നാണ് ശ്രീ. ബാവ യു. അനധികൃതമായി ജോലിക്ക് ഹാജരാകുന്നില്ല എന്ന വിവരം പ്രധാനാധ്യാപകനായ ശ്രീ. ഗോപിനാഥൻ കെ. പി. ആലത്തൂർ ഉപജില്ല വിദ്യാദ്യാസ ഓഫീസറെ അറിയിക്കുന്നത്. ശ്രീ. ബാവയുടെ ജനന തീയതി 06/12/1965 ആണ്. ആയതിനാൽ ടിയാന്റെ സൂപ്പറാനുവേഷൻ ആരംഭിക്കുന്നത് 01/01/2022 മുതലാണ്. ടിയാന്റെ വിരമിക്കൽ തീയതി 31/03/2022 ആണ്. ശ്രീ. ബാവ യു-യ്ക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ വിവരങ്ങൾ പ്രധാനാധ്യാപകൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയത് ടിയാന്റെ സൂപ്പറാന്വേഷൻ കാലയളവിലാണ്. ഇതിനാലാണ് ശ്രീ. ബാവ ക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും സാധിക്കാതിരുന്നത്. ഈ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ

സർക്കാർ 30.03.2022 തീയതിയിലെ GO(Rt)No 2100/2022/G.Edn പ്രകാരം ശ്രീ. ബാവ യു. യെ 17/11/2021 മുതൽ മുൻകാല പ്രാബല്യത്തിൽ സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്ത് ഉത്തരവായി. 17/11/2021 മുതൽ അനധികൃതമായി സ്കൂളിൽ ഹാജരാകാതിരുന്നിട്ടും 27/01/2022 ന് സ്പെഷ്യൽ ബ്രാഞ്ച് സി ഐ സ്കൂളിലെത്തി വിദ്യാഭ്യാസ വകുപ്പിലെ മേലധികാരികളെ ഈ വിവരം അറിയിക്കണമെന്ന് നിർദേശിച്ച സാഹചര്യത്തിലാണ് പ്രധാനാധ്യാപകനായ ശ്രീ. ഗോപിനാഥൻ കെ. പി. വിവരങ്ങൾ ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസറെ അറിയിച്ചത്. അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ശ്രീ ബാവ യു. വിന്റെ വിവരങ്ങൾ മേലധികാരിയെ അറിയിക്കുന്നതിൽ പ്രധാനാധ്യാപകനായ ശ്രീ. ഗോപിനാഥൻ കെ. പി. യുടെ ഭാഗത്ത് നിന്നും വീഴ്ച വന്നതായി കാണുന്നു.

6. ഈ വിഷയം ശ്രീ ഗോപിനാഥൻ കെ. പി.-യുടെ വാദഗതി, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായം, അച്ചടക്ക നടപടി സംബന്ധിച്ച നിലവിലുള്ള ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു.

7. ശ്രീ ബാവ യു. 17/11/2021 മുതൽ സ്കൂളിൽ ഹാജരായിട്ടില്ല. മേൽ വിവരം പ്രധാനാധ്യാപകനായ ശ്രീ ഗോപിനാഥൻ കെ. പി. മേലധികാരികളെ അറിയിക്കുന്നത് 29/01/2022 ന് മാത്രമാണ്. ബാവയുടെ മകൻ ശ്രീ. ഇബ്രാഹിം, അച്ഛൻ കുറച്ച് ദിവസം കമ്മ്യൂട്ടഡ് ലീവിലായിരിക്കുമെന്ന് അറിയിച്ചതു കൊണ്ടും ശ്രീ ബാവയുടെ ലീവ് അക്കൗണ്ടിൽ ധാരാളം കമ്മ്യൂട്ടഡ് ലീവ് ബാക്കി ഉള്ളതു കൊണ്ടുമാണ് ടിയാൻ സ്കൂളിൽ ഹാജരാകാത്ത വിവരം മേലധികാരികളെ അറിയിക്കാഞ്ഞത് എന്നാണ് ശ്രീ. ഗോപിനാഥൻ ഹിയറിംഗിൽ അറിയിച്ചത്. ശ്രീ യു.ബാവയുടെ ജനനതീയതി 06/12/1965 ഉം സൂപ്പറാന്വേഷൻ ആരംഭിക്കുന്നത് 01/01/2022 മുതലുമാണ്. സൂപ്പറാന്വേഷൻ പിരീഡിലുള്ള ഒരു അധ്യാപകന് ആകസ്മിക അവധി ഒഴികെ മറ്റ് അവധികൾ ഒന്നും അനുവദിക്കുവാൻ പാടില്ല. കെ എസ് ആർ ഭാഗം I ചട്ടം 60 (c) പ്രകാരം സൂപ്പർ ആന്വേഷൻ ആരംഭിക്കുന്ന 01/01/2022 ന് തന്നെ ശ്രീ യു. ബാവ വിരമിച്ചതായി കണക്കാക്കേണ്ടതും അപ്രകാരം നടപടി സ്വീകരിക്കേണ്ടതുമായിരുന്നു. ആയതിനാൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന ശ്രീ ബാവ യു. വിന്റെ വിവരങ്ങൾ യഥാസമയം മേലധികാരിയെ അറിയിക്കുന്നതിൽ പ്രധാനാധ്യാപകനായ ശ്രീ. ഗോപിനാഥൻ കെ. പി.-യുടെ ഭാഗത്ത് നിന്നും വീഴ്ച വന്നിട്ടുണ്ട്.

8. മേൽ സാഹചര്യത്തിൽ, അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ശ്രീ ബാവ യു.-വിന്റെ വിവരങ്ങൾ മേലധികാരിയെ അറിയിക്കുന്നതിൽ വീഴ്ച വരുത്തിയ വിഷയത്തിൽ ശ്രീ ഗോപിനാഥൻ കെ. പി.-യ്ക്കെതിരെ 1960-ലെ കെ.സി.എസ്.(സി.സി&എ) ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി ടിയാന്റെ വിരമിക്കൽ തീയതി 31/05/2025 ആയതിനാൽ പരാമർശം(2) പ്രകാരം ടിയാന്റെ മൂന്ന വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത ഫലപ്രാബല്യമില്ലാതെ തടഞ്ഞുവെക്കാൻ എടുത്ത താത്ക്കാലിക തീരുമാനത്തിൽ ഇളവ് വരുത്തി 1960-ലെ കെ.സി.എസ് (സി.സി&എ) ചട്ടം 11 (1)(iii) പ്രകാരം ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലപ്രാബല്യമില്ലാതെ തടഞ്ഞുവെയ്ക്കാനുള്ള ശിക്ഷ നല്കി പൂർത്തീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GEETHA GOPINATH

ഡെപ്യൂട്ടി സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ ഗോപിനാഥൻ കെ. പി., പ്രധാനാധ്യാപകൻ, ജി എം എൽ പി സ്കൂൾ,ആലത്തൂർ (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
4. വെബ് കൈറ്റ്സ് /ന്യൂ മീഡിയ
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 08-07-2024 10:11:49
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്